പതിനാലാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 3431 — 14.03.2018 -ൽ മറുപടിക്ക്.

## കേന്ദ്ര സർക്കാർ കേരളത്തിന് നൽകിയിട്ടുള്ള ഭക്ഷ്യധാന്യങ്ങൾ

| ചോദ്യം<br>**ശ്രീ.കെ.വി.വിജയദാസ്** | മറുപടി<br>**ശ്രീ. പി. തിലോത്തമൻ**<br>**(ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പ് മന്ത്രി)** |
|---|---|
| (എ) ഈ സർക്കാർ വന്നശേഷം എത്ര മാത്രം ഭക്ഷ്യധാന്യങ്ങളാണ് കേന്ദ്ര സർക്കാർ കേരളത്തിന് നൽകിയിട്ടുള്ളത് ; | (എ) ഈ സർക്കാർ വന്ന ശേഷം ആകെ **26,95,213.451 മെ.ടൺ** ഭക്ഷ്യധാന്യങ്ങൾ കേന്ദ്ര സർക്കാരിൽ നിന്ന് ലഭ്യമായിട്ടുണ്ട്. |
| (ബി) കേരളം ആവശ്യപ്പെട്ട അളവനുസരിച്ച് കേന്ദ്രം ഭക്ഷ്യധാന്യങ്ങൾ നൽകിയിട്ടുണ്ടോ; ഓരോ പ്രാവശ്യവും ലഭിച്ച അളവ് സഹിതം വിശദവിവരം നൽകുമോ ? | (ബി) ഇല്ല. ഭക്ഷ്യ ഭദ്രതാ നിയമ പ്രകാരം സംസ്ഥാനത്തിന് അനുവദിച്ച ഭക്ഷ്യധാന്യ അളവ് (പ്രതിവർഷം 14.25 ലക്ഷം മെ.ടൺ) കഴിഞ്ഞ സാമ്പത്തിക വർഷങ്ങളിൽ അഡ്ഹോക്ക് വിഹിതമുൾപ്പടെ ലഭിച്ചുകൊണ്ടിരുന്ന ഭക്ഷ്യധാന്യങ്ങളുടെ അളവിനേക്കാൾ കുറവായതിനാൽ ലഭ്യമായിക്കൊണ്ടിരുന്ന അതേ അളവ് നിലനിർത്തുന്നതിനായി സംസ്ഥാനം കേന്ദ്രത്തോട് നിരന്തരം ആവശ്യപ്പെട്ടുവെങ്കിലും ടി ആവശ്യം നിരാകരിക്കുകയാണുണ്ടായത്. ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഓരോ പ്രാവശ്യവും ലഭിച്ച ഭക്ഷ്യധാന്യങ്ങളുടെ അളവു വിവരങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു. |

**സെക്ഷൻ ഓഫീസർ**

# അനുബന്ധം

അളവ് (മെ.ടണ്ണിൽ)

| പദ്ധതി | കാലയളവ് | പ്രതിമാസ അളവ് | | | പ്രസ്തുത കാലയളവിൽ ആകെ ലഭിച്ചത് | | |
|---|---|---|---|---|---|---|---|
| | | അരി | ഗോതമ്പ് | ആകെ ഭക്ഷ്യധാന്യം | അരി | ഗോതമ്പ് | ആകെ ഭക്ഷ്യധാന്യം |
| TPDS പൊതു വിതരണ സമ്പ്രദായ പ്രകാരം | 05/16 മുതൽ 06/16 വരെ അധിക വിഹിത മുൾപ്പടെ ലഭിച്ചത് | 106017.000 | 26638.000 | 132655.000 | 212034.000 | 53276.000 | 265310.000 |
| | 07/16 മുതൽ 10/16 വരെ നോർമൽ വിഹിതം മാത്രം | 83477.000 | 18740.000 | 102217.000 | 333908.000 | 74960.000 | 408868.000 |
| NFSA പ്രകാരം | 11/2016 | 95715.792 | 23038.291 | 118754.083 | 95715.792 | 23038.291 | 118754.083 |
| | 12/16 മുതൽ 03/17 വരെ | 102174.866 | 16579.217 | 118754.083 | 408699.464 | 66316.868 | 475016.332 |
| | 04/17 മുതൽ 02/18 വരെ | 95715.792 | 23038.291 | 118754.083 | 1052873.712 | 253421.201 | 1306294.913 |
| | 03/2018 | 96665.792 | 22088.291 | 118754.083 | 96665.792 | 22088.291 | 118754.083 |
| ആകെ | | | | | **2199896.760** | **493100.651** | **2692997.411** |

ഇതു കൂടാതെ വെൽഫെയർ സ്കീമിൽ 1834.02 മെ.ടൺ അരിയും 382.02 മെ.ടൺ ഗോതമ്പുമുൾപ്പടെ **2216.04 മെ.ടൺ** ഭക്ഷ്യധാന്യങ്ങളും അനുവദിച്ചിരുന്നു.

സെക്ഷൻ ഓഫീസർ